# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 477 04.07.2012- ൽ മറുപടിക്ക്**

## പൂവ്വാറിൽ കപ്പൽ നിർമ്മാണ ശാല

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി ജമീലാ പ്രകാശം : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ ഒരു പുതിയ കപ്പൽ നിർമ്മാണ കേന്ദ്രം അനുവദിക്കുന്ന കാര്യം കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പരിഗണനയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അത് അനുവദിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഉണ്ട്. കേരളത്തിൽ ഷിപ്പ്യാർഡ്/മേജർ തുറമുഖം സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി 2012 ഏപ്രിൽ 11 ന് അഴീക്കൽ തുറമുഖം സന്ദർശിച്ച് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കമ്മിറ്റിക്ക് ആവശ്യമായ വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കി കണ്ണൂർ ജില്ലാ കളക്ടർ വഴി ടെക്നിക്കൽ കമ്മിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. സാധ്യതാ പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന് സമർപ്പിച്ച ശേഷം കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത്. |
| (സി) പ്രസ്തുത കപ്പൽ നിർമ്മാണ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലം പൂവ്വാർ ആണെന്നുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കപ്പൽ നിർമ്മാണ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായ സ്ഥലം പൂവ്വാർ ആണെന്നുള്ള കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അനുയോജ്യമായ സ്ഥലങ്ങളിലൊന്നായി പൂവ്വാർ പരിഗണിച്ചിട്ടുണ്ട്. |

-----2

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് കൊച്ചി കപ്പൽ നിർമ്മാണ കേന്ദ്രം നടത്തിയ പഠനവും തുടർന്നുള്ള റിപ്പോർട്ടും എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം, പൂവ്വാർ, അഴീക്കൽ എന്നീ മൂന്ന് സ്ഥലങ്ങളിൽ ഷിപ്പ് യാർഡ് സ്ഥാപിക്കുന്നതിനായി കൊച്ചി ഷിപ്പിയാർഡ് പഠനം നടത്തി താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിക്കുകയുണ്ടായി.

i. <u>**വിഴിഞ്ഞം:**</u> വിഴിഞ്ഞം തുറമുഖത്ത് ഇപ്പോൾ ഒരു അന്താരാഷ്ട്ര തുറമുഖം വികസിപ്പിക്കുന്നതിന്റെ കൂടെ ഒരു ഷിപ്പ് യാർഡും സംയോജിപ്പിക്കുകയാണെങ്കിൽ ഉചിതമായിരിക്കും. പുലിമുട്ട്, റെയിൽ/റോഡ് എന്നീ അടിസ്ഥാന സൗകര്യം പങ്കിടുന്നതുമൂലം സാമ്പത്തികലാഭം നേടാവുന്നതാണ്.

ii. <u>**പൂവ്വാർ**</u>: അന്താരാഷ്ട്ര കപ്പൽ ചാനൽ അടുത്തായതിനാലും ആവശ്യത്തിനുള്ള ആഴം വളരെ അടുത്തുതന്നെ ലഭ്യമായതിനാലും പൂവ്വാർ ഒരു കപ്പൽ നിർമ്മാണശാലയ്ക്ക് അനുയോജ്യമായ സ്ഥലമാണ്. എന്നാൽ പൂവ്വാർ ഒരു. വെറും ഷിപ്പ് യാർഡ് മാത്രമായി വികസിപ്പിച്ചാൽ പുലിമുട്ട്, റെയിൽ/റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി വളരെയധികം പ്രാരംഭ ചെലവുകൾ വേണ്ടിവരും.

iii. <u>**അഴീക്കൽ**</u> : കേരള സർക്കാരിന്റെ തുറമുഖ നയത്തിന്റെ ഭാഗമായി അഴീക്കൽ ഒരു കപ്പൽ നിർമ്മാണ /അറ്റകുറ്റപ്പണിശാല സ്ഥാപിക്കുന്നതിന് കേരള തുറമുഖ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അന്താരാഷ്ട്ര കപ്പൽ ചാനലിൽ നിന്ന് വളരെ അകലെയാണ് ഇത് എന്നകാര്യവും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

അതിനാൽ കേരളത്തിൽ ഒരു കപ്പൽ നിർമ്മാണ ശാലയ്ക്കനുയോജ്യമായ

സ്ഥലങ്ങൾ കൊച്ചി ഷിപ്പ് യാർഡിന്റെ റിപ്പോർട്ട് പ്രകാരം മുൻഗണനാക്രമത്തിൽ 1. വിഴിഞ്ഞം 2. പൂവ്വാർ 3. അഴീക്കൽ എന്നിങ്ങനെയാണ്.

| | | | |
|---|---|---|---|
| (ഇ) | പൂവ്വാറിൽ നിർദ്ദിഷ്ട കപ്പൽ നിർമ്മാണ കേന്ദ്രം തുടങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | കൊച്ചിൻ ഷിപ്പ് യാർഡ് സമർപ്പിച്ചിട്ടുള്ള സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.. |

സെക്ഷൻ ഓഫീസർ